(ബി) ഇത് 2008-09 വരെയുള്ള ആകെ മുതൽമുടക്കിന്റെ 5.03 ശതമാനമാണ്.

(സി - എഫ്) മുതൽമുടക്കിന് വേണ്ടി സർക്കാർ പ്രത്യേകം കടമെടുപ്പ് നടത്താറില്ല. കാരണം, പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ, സാമൂഹിക സുരക്ഷാ പദ്ധതികൾ എന്നിവയ്ക്കാണ് സർക്കാർ നേരിട്ട് കടമെടുക്കുന്നത്. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നാണ് മുതൽ മുടക്കിനായി തുക കണ്ടെത്തുന്നത്.

അനധികൃത വഴികളിലൂടെയുള്ള കള്ളക്കടത്ത് തടയൽ നടപടി

172 (4526) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കർണ്ണാടക അതിർത്തി പ്രദേശങ്ങളിലെ അനധികൃത വഴികളിലൂടെയുള്ള ഇറച്ചിക്കോഴി അടക്കമുള്ള കള്ളക്കടത്ത് തടയുന്നതിന് നികുതി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

ഉണ്ട്. കാസർഗോഡ് ജില്ലയിൽ അതിർത്തി പ്രദേശങ്ങളിൽ പ്രത്യേകിച്ച് ബൈറൂട്ടുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇറച്ചിക്കോഴി അടക്കമുള്ള കള്ളക്കടത്ത് തടയാൻ ഇന്റലിജൻസ് സ്ക്വാഡുകളെ ഡ്യൂട്ടിക്കായി നിയമിച്ചിട്ടുണ്ട്.

ചെക്ക് പോസ്റ്റുകളിലെ ഇ-ഡിക്ലറേഷനും ഒളിക്യാമറയും

173 (4527) ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി ഇ. എസ്. ബിജി മോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്പന നികുതി ചെക്ക് പോസ്റ്റുകളിൽ ഈ-ഡിക്ലറേഷനും ഒളിക്യാമറയും ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) എത്രകാലം കൊണ്ട് എല്ലാ ചെക്ക് പോസ്റ്റുകളിലും ഈ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇ-ഡിക്ലറേഷൻ സംവിധാനംമൂലം ഡിക്ലറേഷനിലെ വിവരങ്ങളും, ഇൻവോയിസിലെ വിവരങ്ങളും, യഥാസമയം ഡാറ്റാ എൻട്രി ചെയ്യുന്നതിന് പ്രസ്തുത വിവരങ്ങൾ ഡേറ്റാ ബേസ് സർവ്വർ വഴി വിവിധ രീതിയിലുള്ള റിപ്പോർട്ടുകൾ ഉണ്ടാക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിക്കു പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly